(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും കഴിഞ്ഞ ഒരു വർഷമായി നിയമനം നടത്തിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 16-9-1999-ന് മുമ്പ് റവന്യൂ വകുപ്പിലുണ്ടായിരുന്ന 13 ഒഴിവുകൾ 16-6-2003-ൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം പ്രസ്തുത ലിസ്റ്റിൽനിന്നും നികത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

പോലീസിന്റെ സേവനം മെച്ചപ്പെടുത്താൻ നടപടി

11 [5832] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ ഡ്യൂട്ടി സമയം കുറയ്ക്കുന്നതിന് സർക്കാരിന് ഉദ്ദേശ്യമുണ്ടോ;

(ബി) പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനും പോലീസുകാരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും പ്രത്യേക ട്രെയിനിംഗ് ഏർപ്പെടുത്താൻ സർക്കാരിന് പരിപാടിയുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പോലീസുകാരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി ഒരു പുതിയ സമയക്രമം 16-6-2003 മുതൽ പോലീസ് സ്റ്റേഷനുകളിൽ മൂന്ന് മാസത്തെ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ പി. എച്ച്. ക്യൂ., ഇ.ഡി. നം. 7/03 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് മാസത്തെ പരീക്ഷണത്തിനുശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി ഔപചാരികമായി സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

(ബി, സി) സ്ട്രെങ്ത്ത് മാനേജ്മെന്റ്, ടൈം മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങൾ ഇപ്പോൾ നൽകിവരുന്ന ട്രെയിനിംഗിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രൈം കൈകാര്യം ചെയ്യുന്നതിന് പുതിയ സംവിധാനം

12 [5833] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ ക്രൈം കൈകാര്യം ചെയ്യുന്നതിന് പുതുതായി എത്ര സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly